<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3901</u> <u>03-03-2023 - ൽ മറുപടിയ്ക്ക്</u>

<u>മുഖ്യമന്ത്രിക്ക് എസ്കോർട്ട് പോയ കാർ ഇടിച്ചുണ്ടായ അപകടം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2023 ജനുവരി 31ന് മുഖ്യമന്ത്രിക്ക് എസ്കോർട്ട് പോയ കാർ ഇടിച്ച് ദേവസ്വം ബോർഡ് ജംഗ്ഷനിലെ ശ്രീകുമാർ എന്ന വ്യക്തിയുടെ ആരാധന എന്ന വീടിന്റെ ഗേറ്റും കാർപ്പോർച്ചിൽ പാർക്ക് ചെയ്തിരുന്ന കാറും തകർന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | മുഖ്യമന്ത്രിയ്ക്ക് എസ്കോർട്ട് പോയ കാർ ഇടിച്ച് ദേവസ്വം ബോർഡ് ജംഗ്ഷനിലെ ആരാധന എന്ന വീടിന്റെ ഗേറ്റും കാർ പോർച്ചിൽ പാർക്ക് ചെയ്തിരുന്ന കാറും തകർന്നതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ദേവസ്വം ബോർഡ് ജംഗ്ഷനിൽ താമസിക്കുന്ന ശ്രീകുമാർ എന്ന വ്യക്തി മ്യൂസിയം പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പോലീസ് പ്രാഥമികാന്വേഷണം നടത്തിയതിലും, ദേവസ്വം ബോർഡ് ജംഗ്ഷനിലെ ക്യാമറകൾ പരിശോധിച്ചതിൽ ഒരു വെള്ളനിറത്തിലുള്ള ആൾട്ടോ കാർ അപകടത്തിനിടയാക്കിയെന്നും പ്രസ്തുത സമയം ടി കാർ ഓടിച്ചിരുന്നത് ഒരു സ്ത്രീയാണെന്നും അപകടത്തിനുശേഷം വെള്ള ആൾട്ടോ കാറിലുണ്ടായിരുന്ന ഒരു പുരുഷൻ ഇറങ്ങി വെള്ള ആൾട്ടോ കാർ ഓടിച്ചുപോയിട്ടുള്ളതാണെന്നും പോലീസ് മനസിലാക്കിയിട്ടുണ്ട് . ഇത് സംബന്ധിച്ച് വീട്ടുടമ മ്യൂസിയം പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയിന്മേൽ മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 209/2023 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്.<br><br>ക്ലിഫ് ഹൗസ്, ദേവസ്വം ബോർഡ് ജംഗ്ഷൻ മുതലായ സ്ഥലങ്ങൾ അതീവ സുരക്ഷാ വലയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളാകയാൽ ഇത്തരം സുരക്ഷാ ക്രമീകരണങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ നിർവാഹമില്ല. |
| (ബി) | ക്ലിഫ് ഹൗസ് മുതൽ ദേവസ്വം ബോർഡ് ജംഗ്ഷൻ വരെ സ്ഥാപിച്ചിട്ടുള്ള ക്യാമറകളിൽ എത്രയെണ്ണം നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | എ പിരിവിലെ മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (സി) | ദേവസ്വംബോർഡ് ജംഗ്ഷനിൽ ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന പോലീസ് പ്രസ്തുത അപകടം നടന്നത് | (സി) | എ പിരിവിലെ മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | | |
| (ഡി) | ഇത് സംബന്ധിച്ച് വീട്ടൂടമ മ്യൂസിയം പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയിന്മേൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷണം നടത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ; പ്രസ്തുത പരാതിയിന്മേൽ അന്വേഷണം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | എ പിരിവിലെ മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ